**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്ന ബി.എ (അറബിക് & ഇസ്ലാമിക് ഹിസ്റ്ററി) ഡബിൾ മെയിൻ ബിരുദം എൽ.പി/യു.പി വിഭാഗങ്ങളിലെ അറബിക് തസ്തികയിലെ നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(കൈ) നം. 8 /19/പൊവിവ തീയതി, തിരുവനന്തപുരം. 14/01/2019

---

പരാമർശം:- (1) സ.ഉ (പി) നം. 76/80/പൊവിവ തീയതി 06/06/1980.

(2) സ.ഉ (കൈ) നം. 114/2018/പൊവിവ തീയതി 16/05/2018.

(3) എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 18-12-2018 ലെ പ്രോഗ്രാം2/4849/2018/എസ്.സി.ഇ,ആർ.ടി നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ്, സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക യോഗ്യതകൾ ഏകീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല നടത്തുന്ന ബി.എ (അറബിക് & ഇസ്ലാമിക് ഹിസ്റ്ററി) ഡബിൾ മെയിൻ ബിരുദം കേരളത്തിലെ എച്ച്.എസ്.ടി (അറബിക്) തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യതയായി പരമാർശം (2) പ്രകാരവും നിശ്ചയിച്ചിട്ടുണ്ട്.

കേരളത്തിലെ എൽ.പി/യു.പി വിഭാഗങ്ങളിലെ അറബിക് തസ്തികയിലെ നിയമനത്തിനും ബി.എ (അറബിക് & ഇസ്ലാമിക് ഹിസ്റ്ററി) ഡബിൾ മെയിൻ ബിരുദം പരിഗണിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

സർക്കാർ ഇക്കാര്യം പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി.എ (അറബിക് & ഇസ്ലാമിക് ഹിസ്റ്ററി) ഡബിൾ മെയിൻ ബിരുദം എൽ.പി/യു.പി വിഭാഗങ്ങളിലെ അറബിക് അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും, പരാമർശം ഒന്ന് ഉത്തരവിലും പിന്നീട് വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

(ജോയിന്റ് സെക്രട്ടറി)

സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ (വെബ് & ന്യൂമീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ